# പുതുപ്പാടി ഗ്രാമപഞ്ചായത്ത് കാര്യാലയം

പുതുപ്പാടി (പി.ഒ)-673586, കോഴിക്കോട്

Ph:0495 223 5229 - E mail: pgpkkd@gmail.com

www.lsgkerala.in/puduppadypanchayat/


No: - 400984/BARE02/GPO/2023/6814 Date: 14.12.2023

പ്രേഷകൻ

സെക്രട്ടറി

പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴിക്കോട്

സർ,

വിഷയം:- നവകേരള സദസ്സ്- തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്ഥിരം അദാലത്ത്- സംബന്ധിച്ച്.

സൂചന : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 12.12.2023 ലെ IV01/01/23 നമ്പർ കത്ത്

സൂചന പ്രകാരം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ട ഫയൽ പരിശോധിച്ച് താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

**1) സുലൈഖ, പാലക്കാമണ്ണിൽ**

ശ്രീമതി സുലൈഖ.പി. പാലക്കാമണ്ണിൽ എന്നവർക്ക് 14.1.2016 ന് അനുവദിച്ച 528/15-16 ( എ6.9817/2015 ) നമ്പർ പെർമിറ്റിൻറെ കാലാവധി 13.1.2019 ന് അവസാനിച്ചിരുന്നു. നിലവിലുള്ള കെട്ടിടത്തിൻറെ അധികനിർമ്മാണത്തിനായിരുന്നു പെർമിറ്റ് അനുവദിച്ചതെങ്കിലും കെട്ടിട നമ്പറുകൾ പ്ലാനിലോ റിപ്പോർട്ടിലോ കാണാൻ സാധിച്ചിട്ടില്ല . എങ്കിലും സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ നിന്നും 16/463 എ, ബി, സി,ഇ, എഫ് എന്നീ കെട്ടിടമുറികളാണ് ഇവ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. അപേക്ഷ പ്രകാരം സൈറ്റ് പരിശോധിച്ച ഓവർസിയര് നിർമ്മാണം നടക്കുന്നത് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങള് പ്രകാരമാണെന്ന് 13.10.2023 ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ 186.34 ച.മീറ്റർ നിർമ്മാണത്തിന് പെർമിറ്റ് പുതുക്കുന്നതിന് റസിഡൻഷ്യൽ കെട്ടിടമെന്ന നിലയിൽ പെർമിറ്റ് ഫീസിൻറെ പകുതിയായ 9317 രൂപ 31.10.2023 ന് പെർമിറ്റ് പുതുക്കുന്നതിനായി ഈടാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിൻറെ ഒക്കുപെൻസി റസിഡൻഷ്യൽ കം കമേഴ്സ്യൽ ആയതിനാൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ റൂൾ 25 പ്രകാരം ഫിസീടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ഇനത്തിൽ 4659 രൂപ പെർമിറ്റ് പുതുക്കുന്നതിന് ഫീസായി കുടിശിക ഉണ്ട്. പ്രസ്തുത നിർമ്മാണം നാഷണൽ ഹൈവേയുടെ അരികിലായതിനാൽ എൻ.എച്ച് ആക്സസ് പെർമിഷൻ ലഭ്യമാക്കുന്നതിന് അപേക്ഷകയോട് നേരിട്ട് ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് 07/12/2023 തിയ്യതി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ ദേശീയ പാത 766 ൽ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ് 3എ വിജ്ഞാപനം കാലാവധി 29.11.2023 ൽ അവസാനിപ്പിച്ചിട്ടുള്ളതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. നിലവിൽ 3എ വിജ്ഞാപനം പ്രാബല്യത്തിൽ ഇല്ല. ഈ സാഹചര്യത്തിൽ മുമ്പ് കെട്ടിടനിർമ്മാണത്തിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനുമതി നൽകിയ വിധം ഇനിയൊരു അറിയിപ്പ് കിട്ടുന്നത് വരെയോ അടുത്ത ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത് വരെയോ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തീരുമാനം ഇത് വരെ കൈക്കൊണ്ടിട്ടില്ല

SECRETARY
Puthuppady Grama Panchayath